**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഐ ടി ഐയുടെ കെട്ടിട വാടക തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി -- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2768/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,05/12/2019**

പരാമർശം:-1. മണിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 17/09/2018 ലെ ബി1-2991/2016 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 22.10.2019 ലേ PAN/25006/2018-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

മണിയൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് ഐ ടി ഐയ്ക്കുവേണ്ടി ശ്രീ.സി കെ അമ്മതിന്റെ ഉടമസ്ഥതയിലുള്ള MP 18/ 699 -ാം നമ്പർ കെട്ടിടം 29-10-2010 മുതൽ വാടകയ്ക്ക് നല്കിയിരുന്നു. ഇതിനായി മണിയൂർ പഞ്ചായത്ത് സെക്രട്ടറിയും കെട്ടിട ഉടമയും തമ്മിലുണ്ടാക്കിയ കരാർ പ്രകാരം 29-10-2010 മുതൽ 28-10-2015 വരെയുള്ള വാടക PWD നിരക്കിൽ പ്രതിമാസം 15776/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഐ ടി ഐ പ്രവർത്തിയ്ക്കുന്നതിനായി കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് സൗജന്യമായി വ്യാവസായിക വകുപ്പിന് കൈമാറിയെങ്കിലും , കെട്ടിടം പണി ആരംഭിച്ചിട്ടില്ലാത്തതിനാൽ തുടർന്നും വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഗവണ്മെന്റ് ഐ ടി ഐയ്ക്ക് 29-10-2015 മുതലുള്ള വാടക PWD നിരക്കിൽ നൽകുന്നതിനുള്ള അനുമതി നൽകണമെന്നാണ് മണിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഭ്യർഥിച്ചിരിക്കുന്നത്. 29/10/2015 മുതൽ സ്ഥലം വ്യാവസായിക വകുപ്പിന് കൈമാറുന്ന തീയതിയായ 12/02/2019 വരെ 6,23,152/- രൂപ കെട്ടിട ഉടമയ്ക്ക് അനുവദിയ്ക്കാനുണ്ട് എന്ന വിവരവും തുക തനത് ഫണ്ടിൽ നിന്നും അനുവദിയ്ക്കുന്നതിനുള്ള അനുമതിയ്ക്കായിട്ടാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും പരാമർശം 2 കത്ത് പ്രകാരം ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. PWD നിശ്ചയിച്ച നിരക്കിൽ പ്രതിമാസം 15,776/- രൂപ വീതം, 29-10-2015 മുതൽ സ്ഥലം വ്യാവസായിക വകുപ്പിന് കൈമാറിയ തീയതിയായ 12/2/2019 വരെ മണിയൂർ ഐ ടി ഐയുടെ വാടക ഇനത്തിൽ കെട്ടിട ഉടമയ്ക്ക് നല്കുവാനുള്ള 6,23,152/- രൂപ (ആറുലക്ഷത്തി ഇരുപത്തിമൂവായിരത്തി ഒരുന്നൂറ്റി അൻപത്തി രണ്ടു രൂപ) മണിയൂർ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി , മണിയൂർ ഗ്രാമ പഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് .

File No.LSGD-FM2/107/2019-LSGD

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ